## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2833.** **17.06.2019 ൽ മറുപടിയ്ക്ക്**

## എൻ. ഡി. പി. എസ്. ആക്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത്<br>,, ഷാഫി പറമ്പിൽ<br>,, വി.ടി.ബൽറാം<br>,, കെ.സി.ജോസഫ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റെടുത്തതിനുശേഷം എൻ.ഡി.പി.എസ്.ആക്ട് ഉപയോഗിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേസുകൾ രജിസ്റ്റർ ചെയ്യുന്നതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | പ്രസ്തുത വർദ്ധനവ് ഈ സർക്കാരിന്റെ ഏതെങ്കിലും നയത്തിന്റെ പ്രതിഫലനമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | മയക്കുമരുന്നടക്കമുള്ള ലഹരി പദാർത്ഥങ്ങളുടെ ശേഖരണം, വിപണനം, ഉപഭോഗം എന്നിവയ്ക്കെതിരെ ഈ സർക്കാരിന്റെ കാലത്ത് അതിശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ് സ്വീകരിച്ചത്. ഇത്തരം നടപടികളുടെ ഫലമായി നിയമവിരുദ്ധ പ്രവർത്തനങ്ങൾ കണ്ടെത്തുവാനും കുറ്റവാളികൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുവാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. മദ്യനിരോധനമല്ല മറിച്ച് ബൃഹത്തായ ബോധവത്കരണങ്ങളിലൂടെയുള്ള മദ്യവർജ്ജനത്തിനാണ് സർക്കാർ നയത്തിൽ പ്രാധാന്യം നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**